

# പ്രിസം

ഗവ : ബ്രണ്ണൻ ഹയർസെക്കന്ററി സ്ക്കൂൾ തലശ്ശരി

ഡിജിറ്റൽ മാഗസിൻ 2018 - 19

# ഗവ : ബ്രണ്ണൻ ഹയർ സെക്കന്ററി സ്കൂൾ തലശ്ശേരി




## ലിറ്റിൽ കൈറ്റ്സ് 2018-19



# ലിറ്റിൽ കൈറ്റ്സ്

അറിവ് മറ്റൊരാളിൽനിന്ന് പകർന്ന്കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാ-ഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത് ഇതിന്റെ ഫലമായി പാഠ പുസ്തകത്തിൽ ചിട്ടപെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമ യത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടേയും സജീവവും സംമ്പൂർണ്ണമായ പങ്കാളിത്തതോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രികൃ തവുമായ ഒരു വിദ്യാഭ്യാസപ്രക്രിയരൂപപ്പെട്ടു വന്നിട്ടുണ്ട്.വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തര മൊരു പ്രക്രിയയിൽ വലിയ പങ്ക്വഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാനാണ് നാം നിരന്തരം ശ്രമിക്കുന്നത്. ഇതിന്റെ തുടർച്ചയായാണ് സാങ്കേതികവിദ്യയോടുള്ള പുതിയ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി "ലിറ്റൽ കൈറ്റ്സ് "എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക്ക് പദ്ധതിയുടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്.



"ലോകം മാറ്റിമറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം"

-നെൽസൺ മണ്ടേല


# EDITORIAL BOARD

## CHIEF EDITORS

MUHAMMED REZIN
ADITHYA.C

## SUB EDITORS

HIJASHMA SHERIN.C.P
KEERTHANA.V.P
ANUSRA.K.P
NIDHIN.K
ATHUL.P.V
ARFADH.K.M
VAISHAK.A.P
ADITH.K
ARJUN.K.SATHYAN
AMAN SREEJITH
VEDAS.S.R
ADWAITH.V
SAFA SADIQUE

# ഉള്ളടക്കം


| No | Name | Page |
|---|---|---|
| 1 | മഴ | 6 |
| 2 | വിദ്യാലയം | 7 |
| 3 | സ്നേഹം കണ്ണീരാകുമ്പോൾ | 8 |
| 4 | ദുഃഖം നിറഞ്ഞ ഭൂമിക്ക് ഒരു പ്രകാശമാകുന്ന കൈത്താ | 9 |
| 5 | വൈ ഫൈ | 10 |
| 6 | വിരലുകൾ | 11 |
| 7 | റിമോട്ട് കൺട്രോൾ | 12 |
| 8 | TREES | 14 |
| 9 | തിരിച്ചറിയാതെ പോകുന്ന നിമിഷങ്ങൾ | 15 |
| 10 | മൊബൈൽ എന്ന ലഹരി | 16 |
| 11 | എന്റെ കൂട്ടുകാരി | 17 |
| 12 | കൈപ്പാർന്ന ജീവിതാനുഭവങ്ങളിലെ മധുരച്ചുരൽ | 18 |
| 13 | കരിയുടെ മണമുള്ള യാത്രയയപ്പ് | 20 |
| 14 | സൗഹൃദം എന്ന മധുര ലഹരി | 21 |

## കവിത



സ്വരൺദീപ്

8th B

# മഴ

മണ്ണിൽ വീണ പുതുമണം പരത്തി
ആദ്യതുള്ളികൾ
മനസ്സിൽ വിരിഞ്ഞു ആനന്ദത്തിൽ
പൂവിതളുകൾ
പൊള്ളുന്ന വേനലിൽ ഇടയ്ക്കെപ്പോഴോ
ആശ്വാസമായി നീ വന്നു.
കർക്കിടകത്തിൽ ഘോരമായി നൃത്തം ചവിട്ടി
നീ  ക്ഷിപ്രകോപിയായ്
മെല്ലെ വരുന്നു  നീ ചിലപ്പോൾ,
ഇടിയുടെ  കൂട്ടാളിയായും എത്തുന്നു
മുഖം കറുപ്പിച്ച് പടി വാതിലെ
എത്തുന്നു മറയുന്നു....
വൈകാതെ വരില്ലേ നീ
മനസ്സിനെ കുളിരണിയിക്കാൻ
കുളിർമഴയായ് ..............



കവിത

# വിദ്യാലയം





സഫ സാദിക്ക്
9 - D

വിദ്യാലയം ആണ്,
നാം എല്ലാവരും ആലിഗനം ചെയ്യണം
അറിവ് നമുക്ക് ആവിശ്യമാണ്
അന്വേഷിക്കുകയും പിന്തുടരുകയും
ചെയ്യുക
വിഷയങ്ങളും അധ്യപന ശൈലികളും
സമൃദ്ധവും വ്യത്യസ്തവുമാണ്
ബാഗുകൾ പോലെ
നമ്മൾ എല്ലാവരും
കൊണ്ട് പോകേണ്ടതുണ്ട്
കായികം,ക്ലബ്ബുകൾ,
പ്രവർത്തനങ്ങൾ
ഓരോ അവസരത്തിലും
ചെയ്യാൻ വളരെയധികം
പഠിക്കുക,പഠിക്കുക
വിദ്യാലയത്തിൽ നിന്നും പരമാവധി കിട്ടാൻ
ഞങ്ങൾ തുടർച്ചയായി പങ്കെടുക്കണം
ഓരോ കോണിലും ഏകദേശം
എപ്പോഴും ഒരു സുഹൃത്ത് ഉണ്ട്
ഞങ്ങളുടെ പ്രിയപ്പെട്ട അധ്യപകർ
സൗഹൃദവും ദയയും
അവരുടെ അദിനിവേശം
എല്ലാം മനസ്സ് വികസിപ്പിക്കാൻ
വിദ്യായലയം ആണ്
നാം എല്ലാവരും ആലിഗനം ചെയ്യണം
അറിയാൻ മാത്രം ഓർമ്മിക്കുക നിങ്ങളുടെ വേഗതയിൽ



# സ്നേഹം കണ്ണീരാകുമ്പോൾ



വൈശാഖ്.എ.പി
9th A

ആ അമ്മ മകനെ വളർത്തിയെടുക്കുന്നതുകണ്ട് അമ്പരന്നുപോയവരായിരുന്നു ആ നാട്ടിലെ പലരും . ദാരിദ്രത്തെ പോലും വകവയ്ക്കാതെ ആ സ്ത്രീ മകനെ വളർത്തി. അവളുണ്ടില്ലെങ്കിലും അവനെ ഊട്ടുമായിരുന്നു . അങ്ങനെ വീട്ടുവേല ചെയ്തും മകനെ ആ സ്ത്രീ പഠിപ്പിച്ചു . പഠിച്ച് വലിയനിലയിലെത്തുന്നതും വലിയൊരു മാളികയിൽ താമസിക്കുന്നതും അവൾ സ്വപ്നം കണ്ടു അത് യാഥാർത്യമായി . അവൻ ജീവിക്കുന്നത് അമ്മയ്ക്ക് വേണ്ടിയാണെന്ന് അവൻ പറയുമായിരുന്നു.അതു കേട്ട് അവർക്ക് അഭിമാനം വന്നിരുന്നു.സ്വപ്നത്തിന് തിരിനാളം വച്ചതുപോലെ അവ ന് നല്ല ഒരു ജോലി കിട്ടി . അതിലവൻ ചെറുതായി അഹങ്കരിച്ചിരുന്നു . ഇത്രയും കാലത്തെ ആഗ്രഹം സഫലമായ തോടെ അവന്റെ മനസ്സിൽ വെറുപ്പും അഹങ്കാരവും ഒടലെടുത്തു.ദാരിദ്രത്തിൽ ജീവിച്ച അവന് പണം കിട്ടിയതോടെ അത്യാഗ്രഹം കൂടി.പണ്ട് വളരെയധികം സ്നേഹിച്ച അവനി പ്പോൾ അമ്മയെ കണ്ട ഭാവം നടിക്കുന്നില്ല.പണത്തിന്റെ കൂടെ ലഹരിയും അവനെ പിടികൂടിയിരുന്നു.അവന്റെ ആ സ്വഭാവത്തിൽ അമ്മ സങ്കടപ്പെ ട്ടിരുന്നു . അങ്ങനെ ഒരു ദിവസം അമ്മയുടെ സങ്കടം കാണാതെ അവൻ ജോലി ആവശ്യത്തി നായി അമേരിക്കയിലേക്ക് പോയി . അമ്മയ്ക്ക് സങ്കടം അടക്കാനായില്ല . ഇന്നേവരെ അവൻ അമ്മയെ വിട്ട് നിന്നിട്ടുണ്ടായിരു ന്നില്ല.മകനെ ഒന്നു കാണാൻ ആ അമ്മ കൊതിച്ചു.എന്നാൽ അവന് ഇത്തരത്തിലുള്ള യാതോരു ചിന്തയും ഉണ്ടായിരുന്നില്ല . പണം............പണം....... പണം...........പണം.........ആ ചിന്ത മാത്രം.ഇടയ്ക്കിടെ ചെക്കുകൾ വരാറു ണ്ടായിരുന്നു.പിന്നീട് അതും നിന്നു.പണമിട പാടുകൾക്കായി അവൻ ധാരാളം രാജ്യങ്ങളിൽ പോകാറുണ്ടായിരുന്നു . അങ്ങനെ ഒരു ദിവസം അവൻ ജോലി ആവശ്യ ത്തിനായി നാട്ടിലേക്ക് തിരിച്ചു.ഈ വാർത്ത ആ അമ്മയുടെ ചെവിട്ടിലും എത്തിച്ചേർന്നു. കാലങ്ങളായി ആ അമ്മ കാത്തി രുന്ന നിമിഷം വന്നു . മകനെ ഒന്നു കാണാനായി ആ അമ്മ കൊതിച്ചു . അവൻ വീട്ടിൽ വരുമെന്നു- തോന്നി അമ്മ എള്ളുണ്ടയും മറ്റും ഉണ്ടാക്കി കാത്തിരുന്നു.ഈ സമയത്ത് അവന്റെ ചങ്ങാതിമാർ അവനോട് വീട്ടിലേക്ക് പോയിവ- രാൻ പറയുന്നുണ്ടായിരുന്നു . ഗതികെട്ട് അവൻ രണ്ടാം ദിവസം വീട്ടിലേക്ക് പോകാൻ തയ്യാറെടുത്തു. വീട്ടിലെത്തി അവൻ കണ്ടത് ഈച്ചയരിക്കുന്ന എള്ളുണ്ടമാത്രമാണ്. അവന്റെ കണ്ണുനീർ അതിലേക്ക് വീണു കൊണ്ടേയിരുന്നു................................

കവിത

# ദുഃഖം നിറഞ്ഞ ഭൂമിക്ക് ഒരു പ്രകാശമാകുന്ന കൈത്താങ്ങ്

മായാവിയായ സമുദ്രത്തെപ്പോലെ
അദൃശ്യനായി,മാതാവ് ഞങ്ങൾ അവശേഷിച്ച
വെള്ളമന്വേഷിച്ചലയുന്ന പക്ഷികളെ.
ഹേ,എന്റെ ആകാശമാതാവേ
തകർന്നുപോകുന്നു ഈ മനങ്ങൾ,
എന്നാലും സന്തോഷിക്കുന്നു നിന്റെ
ഈ നീലിമയിൽ മൂടിയ നക്ഷത്രക്കുഞ്ഞുങ്ങളേ.
ഹേ, എന്റെ കാനനമാതാവേ
വരണ്ടുപോയി നിന്റെ പച്ചപ്പിൽ
ശബ്ദങ്ങളാൽ ഒഴുകുന്ന അരുവികളെ.
മാതാവേ കഴിഞ്ഞുപോയ കലണ്ടറിലെ
ദുഃഖം നിറഞ്ഞദിനങ്ങൾ.
ഞങ്ങളെ സഹിക്കുമീ ദുഃഖം നിറഞ്ഞ-
ഭൂമീ. ഒരുനാൾ നിന്റെ കണ്ണീർ
തുടയ്ക്കുമീ ഞങ്ങൾ മനുഷ്യർ.
നിന്റെ വഴികളിലൂടെ നടന്ന്
സമുദ്രവുമാകാശവും കാടും കാലവുമാകും
എങ്കിലേഒരോ ശിഖരവും പച്ചയാക്കും.



അദ്വൈത്.വി
9th C



# വൈ ഫൈ



സ്വരൺദീപ്
8th B

രാവിലെതൊട്ട് അഞ്ചു പിറകിലാണ്.''അഛാ ഒന്നതാ ഞാനീ ഡ്രസ്സ് ഓൺലൈനിൽ വാങ്ങിക്കോട്ടെ ...'' ''അമ്മേ ഒന്ന തരാൻപറാ..അല്ലെങ്കിൽ അമ്മേടെ തന്നാലും മതി... ''എന്താണ് അവൾക്ക് വേണ്ടതെന്നല്ലേ അതാണ് ''വൈ ഫൈ''! അവധിക്കാലത്ത്,പുറത്തിറങ്ങാതെ കാറ്റും വെയിലും കൊള്ളാതെ,അവൾ നിത്യവും ചെലവഴിക്കുന്നത് ഫോണിലാണ്.നാല് ഭിത്തികൾക്കുള്ളിൽ തന്റെ മനോരഞ്ജനത്തിൽ മുഴുകിയിരിക്കുകയായിരുന്നു അവൾ.അയൽക്കാരുമായിയാതോരു ബന്ധവുമില്ലാതെ,ഒരു മനുഷ്യനെ കണ്ടാൽ ചിരിക്കുക പോലും ചെയ്യാതെ,അവൾ അടയിരിക്കുന്ന കോഴിയെ പോലെ മുറിക്കുള്ളിൽ പതുങ്ങിയിരിക്കും. അവൾക്ക് സദാ അഛനോടും അമ്മയോടും ചോദിക്കാനൊന്നേയുള്ളു''വൈ ഫൈ തരുമോ? ''.ഒരിക്കൽ അവൾ ഒരു മരണവീട്ടിൽ പോയി.കൂടെ അവൾ തന്റെ മൊബൈൽ ഫോണുമെടു ത്തിരുന്നു.യാത്രയിലുടനീളം അവൾ അതിലായിരുന്നു.പാട്ടുകേൾക്കലും ചാറ്റിങ്ങും പോസ്റ്റിങ്ങുമാണ് . '' മോളെ ഇറങ്ങ്,വീടെത്തി''.അഛൻ പറഞ്ഞതുകേട്ട് അവൾ ഞെട്ടിയുണർന്നു . അവരോടൊപ്പം പതിവുപൊലെ ഫോണുമെടുത്ത് അവൾ പുറത്തിറങ്ങി.അവിടാകെ കരച്ചിലും അല റലുമായിരുന്നു.''oh!howdisgusting is this''.അവൾ മനസ്സിൽ പറഞ്ഞു.എങ്കിലും ഫോണിൽ നിന്നും അവൾ കണ്ണെടുത്തില്ല.''മോളെ ഫോണിലാണല്ലൊ?''.വെള്ള ഷർട്ടിട്ട ദീർഘകായനായ മധ്യവയസ്കൻ അടുത്തെത്തി അഞ്ചുവിനോട് ചോദിച്ചു.അവൾ തലയുയർത്തി അയാളെ നോക്കി ചിരിച്ചെന്നുവരുത്തി.വീണ്ടും ഫോണിലേക്ക് മുഖം താഴത്തി.''മോൾക്ക് ഈ മരിച്ച ചേട്ടനെ അറിയാമോ?''.അയാൾ വിടാനുള്ള ഭാവമില്ലാ.''ആ,എന്റ അമ്മേന്റ കസിന്റെ മോനാ''അവൾ അശ്രദ്ധയോടെ പറഞ്ഞു.''എങ്ങനെയാ മരിച്ചേന്നറിയാമോ?'' അയാൾ പിന്നേയും ചോദിച്ചു.''ആക്സിഡന്റാണെന്ന് പറയുന്നത് കേട്ടു''അവൾ തലയുയർത്താതെ പറ ഞ്ഞു.''ആക്സിഡന്റ് തന്നെ.റെയിൽപാളം ക്രോസ്ചെയ്യുമ്പോൾ ട്രെയിനിടിക്കുകയായിരു ന്നു''അയാൾ പറയുന്നത്കേട്ട് അവൾ ഞെട്ടലോടെ ചോദിച്ചു,''എങ്ങനെ?.'' ''ഫോണിൽ നോക്കി നടന്നപ്പോൾ ട്രെയിൻ വരുന്നത് കണ്ടില്ല.'' അയാൾ പറഞ്ഞു.ഒരു നിമിഷം അവൾ സ്തബ്ധയായി,കഠിനമായ വ്യസനത്തോടെ നെഞ്ചത്തടിച്ച് വിലപിക്കുന്ന ഒരമ്മയുണ്ടായിരുന്നു അവിടെ.അവൾ അവരെ നോക്കി.പിന്നീട് ദുഃഖത്തോടെ മുഖം താഴ്ത്തി.അവൾ തേങ്ങിക്കൊണ്ട് തന്നെ ചേർത്തുപിടിച്ച അഛന്റെ ചുമലിലേക്ക് ചാഞ്ഞു.അപ്പോഴും നിരവധി മെസ്സേജുകൾ അവളുടെ ഫോണിലേക്ക് വന്നുകൊണ്ടേയിരുന്നു.

# വിരലുകൾ



ആദിത്യ.കെ
8th B

ഭൂതകാലം വിഴുങ്ങിയ ഓരോ നിമിഷവും ആർത്തിയോടെ ഓർത്തെടുക്കുകയായിരുന്നു അയാൾ. ആ പ്രതിഭാസത്തിനിടയ്ക്കാണ് അയൽവീട്ടിലെ കുട്ടി ഓടി മടിയിലേക്ക് എടുത്തു ചാടിയത്. വരും വരായ്മകളിലേക്കുള്ള ഒളിഞ്ഞുനോട്ടം അവന്റെ കണ്ണുകളിൽ വ്യക്തമായിരുന്നു. വാർദ്ധക്യം കാർന്നുതിന്ന പഴകിയ അയാളുടെ മുഖത്തേക്ക് നോക്കാൻ അവൻ ലജ്ജ തോന്നിയിരുന്നോ?ഒഴിവിനു വന്ന അച്ഛൻ വാങ്ങിക്കൊടുത്ത ടീ ഷർ ട്ടും മുട്ടുവരെ ഇറങ്ങുന്ന ട്രൗസറും കാട്ടാൻ ഓടിവന്നതാണ് അവൻ.അവന്റെ കോടി അയാളെ വിസ്മയിപ്പിച്ചു.ഉപ്പ ചുവയുള്ള ചുണ്ടുകൾ കടിചൊതുക്കി ചുവന്ന കണ്ണുകളുമായി അയാളുടെ മന സ്സ് കാലമെന്ന കൊടുമുടി ഇറങ്ങി തുടങ്ങി. ബാല്യകാല സ്മരണകൾ അപ്പോഴേക്കും ആ ശ്വാസോച്ഛ്വാസത്തിൽ അലിഞ്ഞു ചേർന്നിരുന്നു.അച്ഛനില്ലാത്ത അയാളുടെ അമ്മയായിരുന്നു അയാളെ വളർത്തിയത്.അന്നത്തെ അയാളുടെ കോടി,ഒരു വള്ളി ട്രൗസറും അരയോളം നീളുന്ന വെള്ളയും ചുവപ്പും നിറമുള്ള ഷർട്ടുമായിരുന്നു.അന്ന് ആ കോടി അയാൾക്കുണ്ടാക്കിയ സന്തോഷത്തിന് അതിരില്ലായിരുന്നു.അതിട്ടിട്ട് സ്കൂളിൽ പോകാൻ വല്ലാത്ത കൊതി.അമ്മ ആവതു പറഞ്ഞിട്ടും കേട്ടില്ല.കാരണം ഇന്നത്തെ വൃദ്ധൻ അന്നൊരു കൊച്ചുകുട്ടിയായിരുന്നു . പക്ഷേ വറ്റിവറ്റതായ ആ അമ്മയുടെ കണ്ണുകളിൽ ഭീതിയുടെ നിഴൽപാട് തങ്ങിനിന്നിരുന്നു . കുടുക്കമിട്ട് പെട്ടിയുമെടുത്ത് ആ കൊച്ചു കുട്ടി സ്കൂളിലേക്ക് ഓടി.പുറത്തേക്കു തേക്കി വന്ന പുഞ്ചി രി കടിച്ചമർത്തി ഉച്ചയ്ക്ക് കഞ്ഞി കുടിച്ചിട്ട് ഓട്ടുന്നേരം മേനോൻ മൊതലാളീടെ മൊന്റെ മേൽ ഒന്ന് തട്ടി .അവൻ ദേഷ്യം മൂത്ത് തള്ളിയിട്ടു. ഡ്രസ്സിൽ കഞ്ഞിടെ വറ്റ് പറ്റിയെന്നതായിരുന്നു പരാതി.കൈകഴുകുന്ന പൈപ്പിനു സമീപം ചെളിയിൽ അവൻ വീണു.ദേഹത്താകെ ചെളി . കഴുകുമ്പോൾ കൂടുന്നു.പുതിയ പുള്ളിക്കുപ്പായകത്തിൽ ചെളിപുരണ്ട തിൽ അവന്റെ ഹൃദയം നുറുങ്ങിപ്പോയി.തൊണ്ടയിടറി.ശബ്ദം പുറത്തു വരുന്നില്ല.വീട്ടിലെത്തിയാൽ അമ്മ എന്തു പറയും എന്ന ഭയത്തിൽ കുടുക്കു പൊട്ടിയ ഷർട്ടുമിട്ട് സ്കൂൾ വിട്ടിട്ടും അവിടെ തന്നെ നിന്നു.അവസാനം സ്കൂൾ പൂട്ടിയപ്പോൾ വീട്ടിലേക്ക് മെല്ലെ നടന്നു.കണ്ണു കുഴയുന്നു.കണ്ടപാടെ അമ്മ അടിക്കുമെന്ന് കരുതി.പക്ഷേ,അമ്മ ഒന്നും പറഞ്ഞില്ല.ആ കണ്ണ് രണ്ടും കലങ്ങിയത് അവൻ കണ്ടു. ഓർമ്മക ളിൽ നിന്ന് ഉണർത്താനായി കാറ്റ് മാവിലയെ തള്ളി വീഴ്ത്തി. കവിളിൽ തുങ്ങുന്ന അവന്റെ കൈകളെ ആ വൃദ്ധൻ നിശബ്ദമായി നോക്കി.

# റിമോട്ട് കൺട്രോൾ






സ്വരൺദീപ്

8th B

രമ ചിരിച്ചുപോയി.കറപിടിച്ച ബനിയനും മുഷിഞ്ഞ ലുങ്കിയുമുടുത്ത് കൈയിൽ തവിയും പിടിച്ചു നിൽക്കുകയാണ് തന്റെ വൃത്തിക്കാരൻ ഭർത്താവ്.ഇപ്പോൾ അവളുടെ കുശിനിക്കാ- രനും ഡ്രൈവറുമൊക്കെ അയാളാണ്. “നോക്ക് എനിക്ക് വൈകുന്നേരം സുജയുടെ വീട്ടിലേ-കൊന്നു പോകണം. വണ്ടി നന്നായി കഴുകി ഇട്ടേ ക്ക്.അടുക്കളേലേ പണി കഴിഞ്ഞാൽ എന്റെ ആ അയ്യായിരത്തിന്റെസാരി ഡ്രൈ വാഷ് ചെയ്യാൻ കൊടുത്തേക്കണം അല്ല ഇനിം പട്ടിയെ കുളിപ്പിച്ചില്ലേ?അതിന് ഫുഡും കൊടുത്തു കാണില്ല ഈയിടെയായി തനികൊരു കാര്യത്തിലും ശ്രദ്ധയില്ലല്ലോ?" തന്റെ ഭർത്താവ് തിരിച്ച് ഒന്നും പറയില്ലെന്ന് അവൾക്കറിയാം."വല്ലതും അനുസരണക്കേടുകാട്ടിയാൽ താൻ പട്ടിണികിടക്കും.” രമ അയാളെ വിരട്ടിയിട്ടുണ്ട്.ഭക്ഷണം കഴിച്ചില്ലെങ്കിൽ ആ കുടവയറൻ വിശന്നു ചാവുമെന്നും അവൾക്കറിയാം.അത്രേം തീറ്റകൊതിയനാണ്.ഇന്ന് അവൾ വളരെ അധികം സന്തോഷിക്കുന്നു.കാലങ്ങളോളം തന്നെ നിയന്ത്രിച്ചിരുന്ന ഭർത്താവെന്നറിമോർട്ട് കൺട്രോൾ ഇന്ന് ബാറ്ററി ഇല്ലാതെ പ്രവർത്തനം നിലച്ച ഒരു യന്ത്രം മാത്രം.നിയന്ത്രിക്കാനും ശാസിക്കാനു മിള്ള അവകാശം അവൾക്കാണ്. ആറു വർഷത്തെ ഇടവേള കഴിഞ്ഞ് ഇന്ദുചൂടൻ വിണ്ടും വന്നിരിക്കുന്നു ചില കളികൾ കളിക്കാനും ചില കളികൾ പഠിപ്പിക്കാനും. ടിവിയിൽ ലാലേട്ടൻ തകർക്കുകയാണ്.അവൾക്കു തോന്നി താനും വന്നിരിക്കുന്നത് അതിനാണ്.ചില കളികൾ കളിപ്പിക്കാനും ചിലത് പഠിപ്പിക്കാനും.

അവൾ കൈകൾ നല്ല ഉച്ചത്തിലടിച്ചു മനസ്സറിഞ്ഞൊന്ന് ആർത്തു വിളിച്ചു .''ലാലേട്ടൻ കീ ''........ആ വീട്ടിലിപ്പോൾ അവൾ ശ്വസിക്കുന്ന വായു സ്വാതന്ത്രത്തിന്റേ തുകുടി യാണ.അവൾക്കെന്തുചെയ്യാംആരും തടയില്ല.ആരെയും പേടിക്കേണ്ട.രമ ഇന്നു സ്വാതന്ത്രയാ ണ്.പക്ഷികളെപ്പൊലെ .അവൾ സ്വാതന്ത്ര്യം എന്ന സുഗന്ധം ശ്വസിക്കുന്നു. വേണ്ടുവോളം.

'' രമേ ഉച്ചയ്ക്ക്ത്തു വേണം കൂട്ടാൻ ?''കുശിനിക്കാരൻ കം ഡ്രൈവർ കം ഭർത്താവ് ചോദിച്ചു

പീച്ചിങ്ങാ മെഴുക്കുപുരട്ടീം മുരിങ്ങയിലത്തോരനും സാമ്പാറും 'അയല,മത്തി,ചൂര, കാരി, കണവ......'ആ ഇന്ന് ചൂര വച്ചേക്ക് .ഇന്നലെ മത്തിയല്ലായിരുന്നോ? ഉപ്പും പുളീമെല്ലാം കൃത്യമാവണം,വായില് വയ്ക്കാൻ കൊള്ളാത്ത പോലെ ഉണ്ടാക്കരുത്.'' അവൾ ഓർഡറിട്ടു. കുശിനിക്കാരൻ കേട്ട പാടെ

അകത്തേക്കോടി. ഇനി ഊണു കാലമാകുമ്പോൾ ചെന്നാൽ മതി.

വിഭവങ്ങൾ എല്ലാം അയാൾ മേശപ്പുറത്ത് നിരത്തും. പിന്നെ സുഭിക്ഷമായി കഴിക്കാം, വയിക്കുന്നതൊക്കെ ബഹു കേമം. ഇത്രയും കൈപ്പുണ്യമുള്ള ഭർത്താവിനെ കൈവെള്ളയിൽ തന്ന സർവേശ്വരനെ അവൾ നന്ദി പൂർവമോർത്തു. ''രമേ, എടീ രമേ'.ഓഫീസിൽ പോവാൻ സമയമായി .ബ്രേക്ക് ഫാസ്റ്റ് പോലും ഉണ്ടാക്കീല.പോത്തുപോലെ കിടന്നുറങ്ങുന്നു,അശ്രീകരം. എണീക്ക്, പോയി വല്ലതുമുണ്ടാക്ക്''അപ്പോ ഇതുവരെ ഒന്നുമുണ്ടാക്കിയില്ലെ, രാവിലെ ചിക്കനും ചപ്പാത്തിയും ഉണ്ടാക്കണമെന്ന് ഇന്നലെ പറഞ്ഞതല്ലെ?,ഗോതമ്പ് പൊടി അലമാരേയിലുണ്ട്, ചിക്കൻ ഫ്രിജിലും വേഗംപോ.''ഉറക്കച്ചടവോടെ അവൾ പറഞ്ഞു.

എടീ എന്തുവാ നീ പിറുപിറുക്കുന്നെ? പോടീ വേഗം പോയി വല്ലതും തിന്നാനൊണ്ടാക്ക്. അവൾ പെട്ടെന്ന് ചാടി എഴുന്നേറ്റു. അടുക്കളയിലേക്കൊരൊട്ടമൊടി. ബാറ്ററിയിട്ട റിമോട്ട് കൺട്രോൾ കൂടുതൽ ശക്തമായിപ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. ഇനി രക്ഷയില്ല.






# TREES

I Think that I shall never see

A poem as lovely as a tree

A tree whose hungry mouth is pressed

Against the Earth's sweet flowing breast;

A tree that looks at God all day

And lifts her leafy arms to pray;

A tree that may in summer wear

# തിരിച്ചറിയാതെ പോകുന്ന നിമിഷങ്ങൾ



റിയ റെഹിസ
9th D

ദൈവമേ! വീണ്ടും തുടങ്ങി....ഇന്ന് തിങ്കളാഴ്ച ഓട്ടത്തിനും ചാട്ടത്തിനും ഒരു ദിവസത്തെ ഇടവേളയ്ക്ക് ശേഷം വീണ്ടും തുടക്കം.ശ്യാമ തന്റെ കണ്ണുകൾ പതുക്കെ തുറന്ന് അടുക്കളയിലേക്ക്ചെന്ന് പ്രാതലിനും ഉച്ചഭക്ഷണത്തിനുള്ള ഒരുക്കം തുടങ്ങി.ശ്യാമയുടെ ഭർത്താവ് റാം ജോലിചെയ്യുന്നത് ബാംഗ്ലൂരിവാണ്.എല്ലാ ഞാറാഴിച്ചകളിലും ശ്യാമം നാട്ടിലുണ്ടാകും ,ബാക്കി ദിവസങ്ങളിൽ ശ്യമ ഒറ്റയ്ക്കാണ്.വീട്ടുവിട്ടാൽ ഓഫീസ്,ഓഫീസ് വിട്ടാൽ വീട് അതാണ് അവളുടെ ജീവിതം.റാം ഇല്ലാത്തപ്പോഴുള്ള ഒറ്റപ്പെടലും സുരക്ഷിതത്വമില്ലായിമയും ശ്യാമയെ ആകെ മടുപ്പിച്ചിരുന്നു.എന്നും അവൾ സ്വയം പറയുമായിരുന്നു "എനിക്ക് ഈ ജീവിതം മടുത്തു , ഒന്ന് മരിച്ചാൽ മതിയാരുന്നു".ഓഫീസിലേക്കുള്ള തീവണ്ടി യാത്രയിൽ അവൾ രണ്ടു കൈയും ഇല്ലാത്ത ഒരു കുട്ടിയോട് സംസാരിക്കാൻ ഇടയായി.വാഹനാപകടത്തിൽ നഷ്ടപ്പെട്ട തന്റെ ഇരുകൈകളെപറ്റിയും ഇനി ജീവിക്കാൻ ആവില്ലാ എന്ന നിമിഷത്തിൽ തനിക്ക് കരുത്ത്പകർന്നത് അഛനമ്മമാരായിരുന്നു. സാമ്പത്തികപരാധീനങ്ങൾക്കിടയിലും തനിക്ക് താങ്ങും തണലുമായ അഛനമ്മമാരെ പാതിജീവിതത്തിനിടയിൽ ഒരു സന്ദർഭത്തിൽ വേർപിരിയേണ്ടിവന്ന കഥകേട്ടപ്പോൾ ശ്യാമയുടെ ഇരുകണ്ണുകളുംനിറഞ്ഞൊഴുകി.തനിക്കിറങ്ങേണ്ട സ്റ്റേഷൻ എത്തിയപ്പോൾ ഇടറിയ ശബ്ദത്തിൽ ആ കുഞ്ഞിനോട് വിടചൊല്ലി ഏതോ ലോകത്തെന്നപോലെ നടന്നു. ശ്യാമ തിരിച്ചറിഞ്ഞു"ഞാൻ എത്ര ഭാഗ്യവതിയാണ്,ദൈവം എല്ലാം എനിക്ക് തന്നിട്ടും ഞാൻ എന്തിനാണ് ജീവിതം മടുത്തു എന്നൊക്കെ പറയുന്നത് ?ദൈവമേ ! ക്ഷമിക്കണേ......

നമ്മൾ പലരും ശ്യാമയെപ്പോലെയാണ്.ജീവിതത്തിൽ പല സൗഭാഗ്യങ്ങളും ഉണ്ടായിട്ടും നാം ചില നിമിഷങ്ങലിൽ തിരിച്ചറിയാതെ പോകുന്നു.

# മൊബൈൽ എന്ന ലഹരി





പുണ്യ.എസ്.പ്രദീപ്
9th A

ഒരു കുടുംബത്തിന്റെ പ്രതീക്ഷയായിരുന്ന അച്ചു.പഠനകാര്യങ്ങളിലും കലാപരമായും അവൻ മുൻപന്തിയിലായിരുന്നു.ക്ലാസിൽ അവനായിരുന്ന ഒന്നാമൻ.അവനും അവന്റെ കുടുംബവും അവനൊരു ഡോക്ടർ ആകണമെന്നാണ് ആഗ്രഹം. അങ്ങനെ അവന് പത്താം ക്ലാസ് ഒന്നാം സ്ഥാനത്തോടെ പാസായപ്പോൾ അവന്റെ മാതാപിതാക്കൾ അവന് ഒരു സ്മാർട്ട്ഫോൺ സമ്മാനയായി നൽകി.അത് അവനെ ഏറെ സന്തോഷിപ്പിച്ചു . പിന്നീട് അവൻ മുഴുവൻ സമയവും മൊബൈലിന്റെ മുന്നിലായി.അവന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും മറന്ന് അവൻ മൊബൈലിന് അടിമപ്പെട്ടു.അവൻ പഠനകാര്യങ്ങളിലും പിന്നോട്ടുപോയി.അച്ചു പൂർണ്ണമായും മൊബൈലിന് അടിമപ്പെട്ടു.മൊബൈൽ എന്ന ലഹരി അവനെ നശിപ്പിച്ചു .അവന്റെ മാതാപിതാക്കൾ ദുഃഖിതരായി.അവനിൽനിന്നും മൊബൈൽ മാറ്റാൻ ശ്രമിച്ചപ്പോൾ അതിഭയാനകമായ അനുഭവമാണുണ്ടായത്.അവനിൽ ഒരു മൃഗത്തിന്റെ പ്രതീതീയാണുണ്ടായത്.മൊബൈൽ അവനെഒരു മാനസികരോഗിയാക്കിതീർത്തു.അവൻ അവനെ തന്നെ ഉപദ്രവിചിച്ചു.അവന്റെ കുടുംബത്തെ തന്നെ തകർത്തു.





ആര്യ ലക്ഷ്മി

**8-A**

## എന്റെ കൂട്ടുകാരി.....



മിന്നും മിനുങ്ങേ മിന്നാമിനുങ്ങേ

മിന്നും നിന്നെയൊന്ന് കാണട്ടെ

വിടർന്ന പൂവുകൾ ഞങ്ങൾ

വീണിടുന്നു വിടരാതിരിക്കാൻ വീണ്ടും

പതിവായ് സൂര്യനുദിക്കുന്നേരം

പറയാതെന്തേ നീ പോയി.

നിദ്രാകാലത്ത് നീ വരുന്നു

നിത്യവും കാലത്ത് ഞാൻ വരുന്നു.

എങ്ങനെ നിന്നെ കാണും ഞാൻ

എങ്ങനെ ഒന്നു മിണ്ടും ഞാൻ

പറയൂ പറയൂ മിന്നാമിനുങ്ങേ എന്നൊടൊത്ത് കളിക്കില്ലെ?

# കൈപ്പാർന്ന ജീവിതാനുഭവങ്ങളിലെ മധുരച്ചൂരൽ



ആദിത്യ.സി
9th B

മനോഹരമായ ദിനത്തിന് അന്ത്യംകുറിച്ചുകൊണ്ട് വാനിൽ മുല്ലമൊട്ടുകൾ വാരിവിതറി രാത്രി കടന്നുവന്നു. പുസ്തകത്തിനോടുള്ള മല്പിടിത്തത്തിനു താൽക്കാലിക വിരാമമിട്ടുകൊണ്ട് ഞാൻ നടുമുറിയിലേക്ക്ചെന്ന് ടി.വി ഓൺ ചെയ്തതും മനസ്സിനെ വിറങ്ങൽകൊള്ളിക്കുന്ന ഒരു വാർത്ത എന്റെ ശ്രദ്ധയിൽ പെട്ടു ആ വാർത്തകേട്ടതിനാലാകാം അടുക്കളയിൽ പാത്രങ്ങളോട് കലഹിക്കുന്നതിനിടയിലും അമ്മ ഓടിവന്നു ''ക്ലാസ്സിൽ സംസാരിച്ച കുട്ടിയെ ടീച്ചർ തല്ലിയതിന്റെപേരിൽ കുട്ടി ആത്മഹത്യ ചെയ്തു'' എന്ന വാർത്തയാണ് വാർത്ത ചാനലിലെ ബ്രേക്കിങ് ന്യൂസ് .ഈ വാർത്തകണ്ടുനിന്ന അമ്മ ദീർഘമായ ചിന്തയ്ക്കുശേഷം പറഞ്ഞു ''ഇക്കാലത്തെ കുട്ടികളൊക്കെ എന്താ ഇങ്ങനെ?മിക്കവാറും കുട്ടികളും ജീവിതത്തെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലാത്തവരാണ് .എന്താണ് ജീവിതം,ജീവിത പരീക്ഷകളെ എങ്ങനെ നേരിടാം എന്നൊന്നും അവർക്കറിയില്ല.അതിനാലാണ് ചെറിയ കാര്യങ്ങൾക്കുപോലും മനസുതളർന്നു അവർ ആത്മഹത്യയിലേക് പോകുന്നത്.നിനക്ക് തോന്നുന്നുണ്ടോ ആ കുട്ടി ചെയ്തത് ശെരിയാണെന്ന് ?'' ''ഇല്ല '' ഞാൻ പറഞ്ഞു. അമ്മ ഒരു നിമിഷം തന്റെ ബാല്യകാല സ്മരണയിലേക് കടന്നുചെന്നു ''എന്റെ വീടിനടുത്തുള്ള സാധാരണ മലയാളം മീഡിയം സ്കൂളിലായിരുന്നു ഞാൻ പഠിച്ചത് ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ ഞാനായിരുന്നു സ്കൂൾ ലീഡർ . ഒരു ദിവസം വൈകുന്നേരം എന്തോ കാര്യത്തിനു വേണ്ടി ഞാൻ ഞാൻ പ്രധാന അധ്യാപിക വനജ ടീച്ചറുടെ മുറിയിൽ പോയി.അപ്പോഴാണ് ടീച്ചർ ഒരു കുട്ടിയെ കഠിനമായി ചൂരൽ കൊണ്ട് തല്ലുന്നത് എന്റെ ശ്രദ്ധയിൽ പെട്ടത്.ഞാൻ പലരോടും ചോദിച്ചു എന്തിനാണ് ആ കുട്ടിയെ ടീച്ചർ തല്ലിയതെന്ന് ഏറെ നാളുകൾക്കുശേഷം ആരിൽ നിന്നോ ആ കാര്യം അറിഞ്ഞപ്പോൾ അത് എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു.തന്റെ ക്ലാസ്സിന്റെ തൊട്ടടുത്ത ക്ലാസ്സിലെ കുട്ടിയുടെ ഭക്ഷണപ്പൊതി മോഷ്ടിച്ചതിനായിരുന്നു ടീച്ചർ ആ കുട്ടിയെ തല്ലിയത്.ഒരു പക്ഷെ അവൻ അത് പൂർണ്ണമനസ്സോടെ മോഷ്ടിച്ചതാവില്ല അവന്റെ ജീവിത സാഹചര്യങ്ങൾ -

അവനെ മോഷ്ടിക്കാൻ പ്രേരിപ്പിച്ചതായിരിക്കാം. അന്ന് ടീച്ചർ തല്ലിയതിന് മനം നൊന്ത് ആത്മഹത്യ ചെയ്യുകയോ വൈരാഗ്യപ്പൂർവം ടീച്ചറോട് പെരുമാറുകയോ ചെയ്തില്ല ജീവിതത്തിലെ ആ പ്രതിസന്ധി അവൻ നേരിട്ടു. അവൻ പഠിച്ച് ജോലി വാങ്ങി ഈ നാട്ടിൽ തന്നെ സസുഖം താമസിക്കുന്നു.അന്ന് ഫേസ്ബുക്കും വാട്ട്സാപ്പും മറ്റ് സോഷ്യൽമീഡിയകളുംഒന്നും ഇല്ലാത്തതിനാൽ ഈ കാര്യം അങ്ങനെ ആരും അറിഞ്ഞില്ല ആരും ഏറ്റു പറഞ്ഞുമില്ല.കാലത്തിന്റെ പ്രയാണത്തിനിടയിലും ഇന്നും മായാത്ത ഒരോർമ്മയായി ചിലരുടെയെങ്കിലും മനസ്സിലുമുണ്ടാകും.'' ഇത്രയും പറഞ്ഞുകൊണ്ട് അമ്മ അടുക്കളയിലേക്ക് പോയി.ഇത്തരമൊരു വാർത്ത കേൾക്കുമ്പോൾ 'തന്റെ മകൾക്കും ഇങ്ങനെ ഒരവസ്ഥ വന്നാൽ അവൾ എന്തു ചെയ്യും,എങ്ങനെ പ്രതികരിക്കും?' എന്നീ ചോദ്യങ്ങൾ അമ്മയുടെ മനസ്സിൽ നിറഞ്ഞതിനാലാകാം അമ്മയുടെ ഓർമ്മകളിൽ നിന്ന് ചികഞ്ഞെടുത്ത ഈ വാക്കുകൾ എന്നോട് പങ്കുവെച്ചത്.



# കരിയുടെ മണമുള്ള യാത്രയയപ്പ്




ഹിജാഷ്ന ഷെറിൻ
9th B

അവനെ യാത്ര അയക്കുന്നതിനിടയിൽ ഞാൻ എന്നെ തന്നെ മറന്നിരുന്നു.തിരക്കിനിടയിൽ നെട്ടോട്ടമോടുന്ന അമ്മയുടെ ആർപ്പുവിളിപ്പോലും ഞാൻ കേട്ടതേയില്ല.വീട്ടിനപ്പുറത്തുള്ള ശാന്തേച്ചി മതിലിൽ കൈകൾ ചാരിവെച്ചു കൊണ്ട് എന്നെയും അവനെയും നോക്കി കുശലം പറയുന്നതായി എനിക്ക് തോന്നി.ഒരാളെ കൈയിൽ കിട്ടാൻ വേണ്ടി കാത്തുനിലക്കുന്ന പ്രകൃതമായിരുന്നു അവരുടേത്.

പക്ഷേ,എന്റെ കണ്ണുകളുംമനസ്സുംഅവനിലേക്കായിരുന്നു.അവൻ എനിക്ക് കൂട്ടുകാരനാണ്.നല്ലൊരു കൂട്ടുക്കാരൻ.......എന്നാൽ നാട്ടുകാരുടെ കണ്ണിൽ എന്റെയും അവന്റെയും വേഷം മറ്റൊരു തരത്തിലാണ്.അതിന് പർവ്വതത്തിൽ നിന്നുംതരയുന്ന ലാവയേക്കാൾ ചൂടും തീക്ഷ്ണതയുമുണ്ട്.ശരിക്കും അതിൽ ഞാൻ കത്തിയുരുകുകയായിരുന്നു.

പെട്ടെന്ന് ഞാൻ നിശ്ചലമായപ്പോൾ,അവനെ യാത്ര അയക്കുന്നതിനിടയിൽ അമ്മ എന്നെ ഒത്തിരി നേരം നോക്കിനിന്നു.കുട്ടിക്കാലംതൊട്ടെ ഞങ്ങൾ രണ്ടു പേരും നല്ല കൂട്ടുക്കാരാണ്.അത്രമാത്രമേയുള്ളൂ.............''അന്നു ഞാൻ ..................''. മഞ്ഞുവീണ ഇലകളെ തട്ടിതെറിപ്പിക്കുന്ന ലാഘവത്തോടെ ഞാൻ ജോണിനെ നോക്കി തലയാട്ടികൊണ്ട് പുഞ്ചിരിച്ചു.അപ്പോൾ എന്റെ ഹൃദയത്തെ ആരോ പിടി ച്ചുവലിക്കുന്നതായി എനിക്ക് തോന്നി.അവൻ പോയിമറഞ്ഞു .അങ്ങകലേക്ക് . ....എന്നിട്ടും പലരുടെയും കണ്ണുകളിൽ ഞാനെരിഞ്ഞ തീയുടെ പുക പടരുന്നുണ്ടായിരുന്നു.അതിനൊരു കരിയുടെ മണമുണ്ടായിരുന്നു.

# സൗഹൃദം എന്ന മധുര ലഹരി



മുഹമ്മദ് റെസിൻ
9th D

അകലെ നിന്ന് പാഞ്ഞു വരികയായിരുന്ന ദേവൻ. ആ ഓട്ടത്തിൽ കാൽ വഴുതി അവൻ വീണു. ഒരു നിമിഷം അവന്റെ കണ്ണുകളിൽ ഇരുട്ട് പരന്നു. ദീർഘ നേരത്തിനു ശേഷം അവൻ കാണുന്നത് ആശുപത്രിയിലെ ഡോക്ടറിനെയാണ് . കാലിന് നല്ല പരിക്കുണ്ട്.
എക്സ്-റേയിൽ എല്ല് പൊട്ടിയതായി കണ്ടു. അവൻ പരിഭ്രമിച്ചു. എന്റെ അമ്മ, എന്റെ അച്ഛൻ, എന്റെ ഭാവി. പിന്നീടങ്ങോട്ട് അവൻ സ്കൂളിൽ പോയില്ല. പിന്നീടുള്ള ചികിത്സ നടത്താൻ അച്ഛന്റെ അടുക്കൽ കാശില്ലായിരുന്നു. ഒരു കൃഷി തോട്ടത്തിൽ പണിയെടുത്താണ് അച്ഛൻ അവനെ നോക്കിയിരുന്നത്. ചികിത്സയ്ക്കുള്ള കാശൊന്നും അവന്റെ പക്കൽ ഇല്ലായിരുന്നു. അതിനാൽ അവർ ആ ചികിത്സ മാറ്റി വച്ചു. നാട്ടിലെ അവന്റെ സഹപാഠിയായിരുന്നു പാർവതി. പാർവതിയായിരുന്നു അവന്റെ പിന്നീടുള്ള ജീവിതത്തിലേക്കുള്ള വഴിക്കാട്ടി. അവൾ അവനെ പഠനത്തിലും സഹായിച്ചു. അങ്ങനെ അവന് പഠനം വളരെ ഇഷ്ടമായി. കുറച്ച് ദിവസങ്ങൾക്ക് ശേഷം അവന് ഹെഡ്സ്റ്റ് മാസ്റ്ററുടെ സഹായത്തോടെ SSLC പരീക്ഷ എഴുതി.
റിസൾട്ട് ദിവസം തന്റെ പേര് റേങ്ക് ലിസ്റ്റിൽ ഒന്നാമത് കണ്ട അവൻ സന്തോഷിച്ചു. തൊട്ട് പിന്നിൽ പാർവതിയുടെ പേരായിരുന്നു. SSLC പരീക്ഷയുടെ റിസൾട്ട് കണ്ട പാർവതിയുടെ അച്ഛൻ രാജീവേട്ടൻ ദേവന്റെ പുനർപഠനത്തിന് സഹായിച്ചു. അങ്ങനെ പാർവതിയും ദേവനും +2 കഴിഞ്ഞ് ബിരുദത്തിന് വേണ്ടി ബ്രണ്ണൻ കോളേജിലേക്ക് മാറി. ഡിഗ്രി സെക്കന്റിയറിന് പഠിക്കുന്ന സമയത്തായിരുന്നു പാർവ്വതിയുടെ കല്ല്യാണം. വരൻ ശ്യാം എന്ന തളിപ്പറമ്പ്കാരനായിരുന്നു. കല്ല്യാണത്തിന് ശേഷം പുനർപഠനത്തിന് ശ്യാം പാർവതിയെ വിട്ടു. പക്ഷെ, ദേവനുമായുള്ള അവളുടെക്കൂട്ടുക്കെട്ടിനെ അയാൾ തെറ്റിധരിച്ചു. അങ്ങനെ പാർവ്വതി അവിടെ വച്ച് പഠനം നിർത്തി. പക്ഷേ,ദേവൻ പഠന ലഹരിയിൽ അലിഞ്ഞുചേർന്നതിനാൽ അവൻ പിന്തിരിയാനായില്ല.
അവൻ ബിരുദം നേടി.ബിരുദാനന്തര ബിരുദത്തിന് പഠിക്കാനായി അവൻ ബാഗ്ലൂരിലേക്ക് പുറപ്പെട്ടു.തിരിച്ചുവന്ന അവൻ ഒരു പുതിയ വീട് വാങ്ങി. അവൻ അവിടെ വലിയൊരു കമ്പനിയിലെ മനേജറായിരുന്നു.തന്നെ ഈ നിലയിൽ എത്തിച്ച രാജീവേട്ടന് പ്രത്യുപകാരം ചെയ്യു.അപ്പോഴാണ് ഒരു സ്ത്രീ അങ്ങോട്ടേക്ക് കടന്നു വന്നത്. അപ്പോഴാണ് ദേവന് അത് പാർവ്വതിയായിരുന്നുവെന്ന് മനസ്സിലായത്. അവന്റെ കൂട്ടുകാരിയെ അവൻ കല്ല്യാണം കഴിച്ച് വധുവാക്കി.അപ്പോഴാണ് പാർവ്വതിക്ക് ഒരു കാര്യം മനസ്സില്ലായത്.

**യഥാർഥ സുഹൃത്ത് എന്നും കൂടെ ഉണ്ടാവുമെന്ന്............**

# നന്ദി.....................



**ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനോട്**

**സഹകരിച്ച എല്ലാ സഹൃദയർക്കും.............**


ഗവ. ബ്രണ്ണൻ ഹയർ സെക്കന്ററി സ്കൂൾ
KALYAN